# പതിനാലാം കേരള നിയമസഭ
## അഞ്ചാംസമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1047** **28.04.2017 -ലെ മറുപടി**

## ജല നയം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ. മാത്യു ടി. തോമസ്**<br>**(ജലവിഭവ വകുപ്പ് മന്ത്രി)** |
| (എ)സംസ്ഥാന സർക്കാർ ജലനയം രൂപീകരിച്ചിട്ടുണ്ടോ; | (എ) സംസ്ഥാന സർക്കാർ 2008-ൽ രൂപീകരിച്ച ജലനയം ഇപ്പോഴും പ്രാബല്യത്തിൽ ഉണ്ട്. |
| ബി)മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മഴ ലഭ്യത കൂടുതലുള്ള സംസ്ഥാനമായിട്ടും കേരളം ഇത്തവണ കനത്ത വേനലിൽ ഉരുകിയ സാഹചര്യത്തിൽ സംസ്ഥാനത്തെ ജലവിനിയോഗവും , ജലസംരക്ഷണ പ്രവർത്തനങ്ങൾ സംബന്ധിച്ചും പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിന് എന്തൊക്കെ പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്; | (ബി) ഭൂജലസംപോഷണം , ഭൂജല ഉപയോഗത്തിന്റെ നിയന്ത്രണവും ക്രമീകരണവും എന്നീ വിഷയങ്ങളെ അടിസ്ഥാനമാക്കി ഭൂജലവകുപ്പ് പൊതുജനങ്ങൾക്കും ജനപ്രതിനിധികൾക്കും ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ലഘുരേഖകൾ അച്ചടിച്ച് വിതരണം ചെയ്യുകയും ചെയ്തു വരുന്നുണ്ട്. സംസ്ഥാനത്തെ ജലവിനിയോഗവും ജലസംരക്ഷണ പ്രവർത്തനങ്ങളും സംബന്ധിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്ന പദ്ധതികൾ സർക്കാരിന്റെ **'ഹരിതകേരളം'** പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരളജല അതോറിറ്റി ജലസംരക്ഷണത്തെക്കുറിച്ചും ജലത്തിന്റെ വിനിയോഗത്തെ സംബന്ധിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് ജനങ്ങളിൽ ബോധവൽക്കരണം നടത്താറുണ്ട്. കേരള ജലഅതോറിറ്റിയുടെ കിണറുകൾ സ്രോതസ്സായുള്ള കുടിവെള്ള പദ്ധതികളിൽ ജലലഭ്യത ഉറപ്പാക്കാനായി മഴക്കുഴികൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റിയുടെ നീരുറവ പദ്ധതിയുടെ ഭാഗമായി മഴവെള്ളം സംഭരണം ചെയ്തും സ്വാഭാവിക ഉറവ സംരക്ഷണത്തിലൂടെയും വെള്ളയമ്പലം ഫിൽട്ടർ ഹൗസിലേയ്ക്ക് ശുദ്ധീകരണത്തിനായി അധിക ജലം എത്തിക്കുന്നതിനായി ജലഭവൻ അങ്കണത്തിൽ നിലനിന്നിരുന്ന കുളം പുനർ നിർമ്മിച്ച് അതിൽ ശേഖരിക്കുന്ന ജലം ഫിൽട്ടർ ഹൗസിലെ ജലശുദ്ധീകരണ ശാലയിൽ എത്തിച്ച് ശുദ്ധീകരിച്ച് വിതരണം ചെയ്യുന്നതിനായി ഒരു പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കൂടാതെ ജലത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും നീരുറവ |

സംരക്ഷണത്തെക്കുറിച്ചുമുള്ള പോസ്റ്ററുകൾ പ്രദർശിപ്പിക്കാറുണ്ട്. ജലദുരുപയോഗം കുറയ്ക്കുന്നതിനു വേണ്ടി പത്ര-ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിലൂടെ അറിയിപ്പുകൾ നൽകാറുണ്ട്. ജല ദുരുപയോഗവും ജലമോഷണവും നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ സംസ്ഥാന സർക്കാർ വിഭാവന ചെയ്ത നവ കേരള മിഷനിൽ ഉൾപ്പെട്ട ജലവിഭവമിഷൻ ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി രൂപീകരിച്ചതാണ്. നിലവിലുള്ള ജലസ്രോതസ്സുകളുടെ നവീകരണവും ശുദ്ധീകരണവും ഉറപ്പാക്കുന്നതു വഴി പ്രാദേശിക തലത്തിൽ ജലസേചനത്തിനും കുടി വെള്ള വിതരണത്തിനും ഉതകുന്ന ഒരു പുതിയ ജലഉപയോഗ സംസ്കാരം രൂപപ്പെടുത്തുന്നതിനാണ് ജലവിഭവമിഷൻ ലക്ഷ്യമിടുന്നത്. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ , വിവിധ സർക്കാർ വകുപ്പുകൾ സാങ്കേതിക വിദഗ്ധർ , യുവജന സംഘടനകൾ , വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ , ജലവിഭവ മേഖലയുമായി ബന്ധപ്പെട്ട ഗവേഷണ സ്ഥാപനങ്ങൾ തുടങ്ങി സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തത്തോടെയാകും ജലവിഭവ മിഷൻ പ്രവർത്തനങ്ങൾ. മിഷന്റെ ലക്ഷ്യവും പരിപാടികളും ജീവനക്കാരിലും ജനപ്രതിനിധികളിലും എത്തിക്കാനുള്ള പരിശീലനം ജലസേചന വകുപ്പ് ആരംഭിച്ചിട്ടുണ്ട്.

സി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കിടയിൽ മഴവെള്ളക്കൊയ്ത്തിനും ജലസംരക്ഷണ പ്രവർത്തനങ്ങൾക്കും സഹായകമാകും വിധം അവരുടെ പാഠ്യപദ്ധതിയിൽ ഈ വിഷയങ്ങൾ ഉൾക്കൊള്ളിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ;വിശദമാക്കാമോ?

സി) വിദ്യർത്ഥികളുടെ ഇടയിൽ ജലസംരക്ഷണം എന്ന വിഷയത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തെ മാർ ബസേലിയോസ് കോളേജിൽ വച്ച് ഒരു വർഷം നീണ്ടു നിൽക്കുന്ന Campaign മാർച്ച് 22 2017 ലോക ജലദിനത്തോടനുബന്ധിച്ച് ഉദ്ഘാടനം ചെയ്യുകയുണ്ടായി. തുടർന്ന് മാർച്ച് 2017 മുതൽ മാർച്ച് 2018 വരെ വിവിധ വിദ്യാലയങ്ങളിൽ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക എന്നതാണ് ഇത് കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് സ്കൂൾ കോളേജ് വിദ്യാർത്ഥികളുടെ പാഠ്യപദ്ധതിയിൽ ഈ വിഷയങ്ങൾ ഉൾക്കൊള്ളിക്കുന്ന സംഗതി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് ആലോചിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ